# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 475

29.01.2019 ലെ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ട്രഷറി വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ പരിഷ്കരണ നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കി-ക്കൊണ്ടിരിക്കുന്ന പരിഷ്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലാണ്. അടിസ്ഥാന സൗകര്യ വികസന പദ്ധതിയും ധനകാര്യ ഇടപാടുകളുടെ ആധുനികവത്ക്കരണവും.<br><br>1) **<u>അടിസ്ഥാന സൗകര്യ വികസന പദ്ധതി</u>** -<br><br>അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻ പ്രകാരം ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 20 ട്രഷറികളുടെ നിർമ്മാണത്തിനായുള്ള ഭരണാനുമതി ലഭിച്ചതിൽ സാങ്കേതികാനുമതി ലഭിച്ച 8 ട്രഷറികളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികളിൽ ട്രഷറി ഡയറക്ടറേറ്റ് കെട്ടിടം ഉൾപ്പെടെയുള്ള 8 പ്രവൃത്തികൾക്ക് സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ എല്ലാ ട്രഷറികൾക്കും ഇടപാടു സൗഹൃദ സമീപനത്തോടെ എല്ലാ വിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുക എന്ന ലക്ഷ്യത്തോടെ എല്ലാ ട്രഷറികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുക എന്ന |

പദ്ധതിയാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

**(2) <u>ധനകാര്യ ഇടപാടുകളുടെ ആധുനികവത്ക്കരണം</u>**

ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം, ഐ.എഫ്.എം.എസ്. (സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. "മികച്ച സേവനം, ഉയർന്ന സാങ്കേതികത്തികവ്, ആധുനിക ധനകാര്യ മാനേജ്മെന്റ്" എന്നതാണ് പ്രസ്തുത പദ്ധതിയുടെ ആപ്തവാക്യം. വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും എന്നതാണ് ഐ.എഫ്. എം.എസ്. -ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലുള്ള ഇ-ഗവേണൻസ് പരിപാടികളുടെ അന്തസത്ത ഉൾക്കൊണ്ട് കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പ്പാണ് ഐ.എഫ്.എം.എസ്.-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യ പരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധന വകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്ക് മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിൻ കിഴിൽ കൊണ്ടുവരിക എന്നതാണ് ഐ.എഫ്.എം.എസ്.-ന്റെ ലക്ഷ്യം.

<u>ഐ.എഫ്.എം.എസ്.-ന്റെ വിവിധ ഘടകങ്ങൾ</u>

1. **റവന്യൂ മാനേജ്മെന്റ്-** ഇ-ട്രഷറി - ലോകത്ത് എവിടെ നിന്നും 24 മണിക്കൂറും സർക്കാരിലേയ്ക്ക് പണം സ്വീകരിക്കുന്നതിനുള്ള സൗകര്യം, കറൻസി രഹിത ഇടപാടുകൾക്കുള്ള സൗകര്യം, വരവുകളുടെ തത്സമയ വിവര ശേഖരണം.
2. **ബജറ്റ് മാനേജ്മെന്റ്** - ബജറ്റിനാവശ്യമായ വിവര ശേഖരണം മുതൽ ബജറ്റ്

തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനത്തിലൂടെ നിർവ്വഹിക്കുന്നതിനുള്ള സംവിധാനം.

3. **എക്സ്പെൻഡിച്ചർ മാനേജ്മെന്റ്** - സംസ്ഥാനത്ത് എല്ലായിടത്തും സമാനമായ രീതിയിൽ ധനവിനിയോഗം നടപ്പിലാക്കുന്നതിനായി കേന്ദ്രീകൃത ട്രഷറി മാനേജ്മെന്റ് സംവിധാനം, കോർട്ടിസ്-ലൂടെ സാധ്യമാകുന്നു. റിസർവ്വ് ബാങ്കിന്റെ ഈ-കുബേർ പോർട്ടലുമായി ബന്ധിപ്പിച്ച് ഇലക്ട്രോണിക്കായി പണം ഇടപാടുകാരുടെ അക്കൗണ്ടിൽ എത്തിക്കുന്നു.

4. **സ്പാർക്ക് - സമഗ്ര എച്ച്.ആർ മാനേജ്മെന്റ് സംവിധാനം**- സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരുടെയും സർവ്വീസ് സംബന്ധമായ എല്ലാ വിവരങ്ങളും ശേഖരിച്ചിട്ടുള്ള വെബ് അധിഷ്ഠിത സെൻട്രൽ ഡേറ്റാ ബേസ്.

5. **ബിൽ ഇൻഫൊർമേഷൻ മാനേജ്മെന്റ് സിസ്റ്റം - ബിംസ്** - സർക്കാർ വകുപ്പുകളുടെ എച്ച്.ആർ. ഇതര ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള ഓൺലൈൻ ബിൽ പ്രിപ്പറേഷൻ സിസ്റ്റം

6. **ബജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം - ബാംസ്** - വിവിധ വകുപ്പുകളുടെ ബജറ്റ് വിഹിതം ഓൺലൈനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന-തിനുള്ള സംവിധാനം.

7. **കേന്ദ്രീകൃത പെൻഷൻ നിർവ്വഹണ സംവിധാനം - പിംസ്** - സംസ്ഥാന സർക്കാരിനു കീഴിൽ വരുന്ന എല്ലാ പെൻഷൻകാരെയും കേന്ദ്രീകൃത സംവിധാനത്തിലേക്ക് കൊണ്ടുവന്നു കഴിഞ്ഞു. പെൻഷൻകാരുടെ സൗകര്യാർത്ഥം ഓൺലൈൻ പോർട്ടൽ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

8. **ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം** - ട്രഷറി സേവിംസ് ബാങ്ക് കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കാനും

| | | |
|---|---|---|
| | | നിക്ഷേപിക്കാനും കഴിയുന്നു, ഏത് അക്കൗണ്ടിലേക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം തുടങ്ങിയവയാണ് ആയതിന്റെ മെച്ചങ്ങൾ.<br>9. **അക്കൗണ്ട്സ് മാനേജ്മെന്റ്** - കമ്പ്യൂട്ടർ വത്കൃത സംവിധാനത്തിലൂടെ വരവ് ചെലവ് കണക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കാൻ കഴിയുന്നു. അക്കൗണ്ട്സ് സംബന്ധമായ വിവരങ്ങൾ ട്രഷറിയും അക്കൗണ്ടന്റ് ജനറലുമായി ഓൺലൈനായി കൈമാറ്റം ചെയ്യാൻ കഴിയുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി സമാഹൃത വിവരങ്ങൾ തയ്യാറാക്കുന്നതിന് കുറ്റമറ്റതും സമഗ്രവുമായ ഒരു ഡാഷ് ബോർഡ് എന്നിവയാണ് ആയതിന്റെ സവിശേഷതകൾ. ഫലപ്രദമായ ലിക്യുഡിറ്റി മാനേജ്മെന്റിനായി വാംസ് (WAMS) എന്ന സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.<br>10. **നെറ്റ് വർക്കിംഗ്** - ധനകാര്യ ഇടപാടുകളുടെ സുരക്ഷിതത്വം മുൻനിർത്തി ട്രഷറികൾ തമ്മിലും ഡയറക്ടറേറ്റ്, സംസ്ഥാന ഡേറ്റാ സെന്റർ എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചും കൂടുതൽ സുരക്ഷിതത്വവും ഫലപ്രദവുമായ ട്രഷറി വൈഡ് ഏരിയ നെറ്റ് വർക്കിംഗ് സംവിധാനം ബി.എസ്.എൻ.എൽ. വഴി നടപ്പിലാക്കി. കൂടാതെ ഒരു റെഡണ്ടന്റ് നെറ്റ് വർക്ക് റെയിൽ ടെൽ മുഖേന നടപ്പിലാക്കികഴിഞ്ഞു. |

(signature)

**സെക്ഷൻ ഓഫീസർ**